കേരളീയത്തിന്റെ ആഭിമുഖ്യത്തിൽ ജനുവരി 30ന് പൗർണ്ണമിനാളിൽ കേച്ചേരിയിലെ പെരുവൻമലയിൽ നടന്ന നിലാവ് കൂട്ടായ്മയിലെ രാവനുഭവങ്ങൾ പങ്കുവയ്ക്കുന്നു പത്രപ്രവർത്തകനായ എ സുരേഷ്

# അനേകം രാത്രികളിൽ ഒരു രാത്രി

എ സുരേഷ്

നിലാവുള്ള ആ രാത്രിയുടെ ഏകാന്ത മൗനത്തെ അനുഭവിപ്പിച്ചുകൊണ്ട് പെരുവൻമല കുന്നിനെ വലംവെക്കുന്ന കാറ്റിന്റെ സീൽക്കാരം എന്തെല്ലാമോ പറയുന്നതായി തോന്നി. കുന്നിൻ ചെരിവിൽ നിൽക്കുന്ന ഈ കൊച്ചുമരങ്ങൾ തന്നെയോ ഇത്രയേറെ ഉച്ചത്തിൽ കാറ്റൂതുന്നതെന്ന ആശ്ചര്യമായിരുന്നു അപ്പോൾ. അജ്ഞാതന്റെ വിഡ്ഢിത്തത്തെയോർത്ത് പുലവൻ കുന്നും അതിനുമേലേയിട്ട നിലാപ്പന്തലും ആ കാറ്റും അപ്പോൾ പരിഹാസം ചൊരിയുകയായിരുന്നോ?

സന്ധ്യ മുതൽ പാതിരാത്രി വരെ ദേവതമാരും മന്ത്രവാദികളും സർപ്പങ്ങളും കോമാളികളുമെല്ലാം തുള്ളിച്ചാടുന്ന ആ ചതുരപ്പെട്ടിയുടെ നിറപ്പകിട്ടിൽ മയങ്ങിക്കിടക്കുന്ന നിങ്ങൾക്ക് ഇവിടെയെന്ത് കാര്യം? ആ സുഖങ്ങളിൽ നിന്ന് എന്തിനിങ്ങോട്ടു പോന്നു? ഇവിടെ നിങ്ങൾക്കെങ്ങനെ ആനന്ദം കിട്ടാൻ? വഴിതെറ്റിയെത്തിയ യാത്രികാ ഇത് പ്രാചീനതയുടെ നിത്യസൗന്ദര്യം. നിന്റെ കാലങ്ങൾ ഇവിടെ കൺവെട്ടങ്ങൾ. അനാദിയായി ഈ നിലാവും ഈ കാറ്റും നിർലോപം ഇവിടെ ഒഴുകുന്നുണ്ടായിരുന്നു. ആർക്കും കപ്പം കൊടുക്കേണ്ട. ടിക്കറ്റും വേണ്ട. എന്നിട്ടും എന്തറിഞ്ഞു നിങ്ങൾ?

മഹാത്മാഗാന്ധിയുടെ രക്തസാക്ഷി ദിനം, ജനുവരി 30. ഒരു മുന്നറിവുമില്ലാതെയാണ് ആ രാത്രിയിൽ പത്രപ്രവർത്തക സുഹൃത്തായ പി എം ജയനോടൊപ്പം പെരുവൻമല കുന്നിലെ നിലാക്കൂട്ടായ്മയിൽ പങ്കുചേരാൻ പുറപ്പെട്ടത്. ആ സ്ഥലത്തെയോ കുന്നിനെയോ അവിടുത്തെ കാഴ്ചകളെയോ കുറിച്ച്, ഒരു മുൻധാരണകളുമില്ലാതെയുള്ള ആ യാത്ര, അതുകൊണ്ടുതന്നെയായിരിക്കും മറക്കാനാവാത്ത ഒരു രാത്രി സമ്മാനിച്ചത്. ബസ്സിറങ്ങി പോകേണ്ടതെങ്ങോട്ടെന്ന് വ്യക്തമായി അറിയാതെ വഴിതെറ്റിയാണ് ഞങ്ങൾ രാത്രി പത്തുമണിയോടടുത്ത് പെരുവൻമല കുന്നിലെത്തിയത്. ഉദിച്ചുവരുന്ന പൗർണമി നിലാവിൽ, കുന്നും നിലാവറിയാൻ എത്തിയ സമാനഹൃദയരെയും മങ്ങിയ ചിത്രം പോലെ കണ്ടു. വിശപ്പില്ലെങ്കിലും ഭക്ഷണത്തിനുള്ള ക്ഷണം നിരസിച്ചില്ല. നേരത്തെ എത്തിയവർ അനൗപചാരിക പരിചയപ്പെടലും ഭക്ഷണവുമെല്ലാം കഴിഞ്ഞ് വരാനുള്ളവർക്കായി കാത്തിരിക്കുകയായിരുന്നു.

കുന്നിലെ ശിവക്ഷേത്രത്തിനു മുമ്പിൽ ഒരു തണൽവൃക്ഷം. അതിനപ്പുറത്ത് കൂട്ടായ്മയിൽ പങ്കെടുക്കാനെത്തിയവർ വട്ടമിട്ടിരുന്നപ്പോൾ ഔപചാരികതകൾ ഒഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നതറിഞ്ഞു. പരിചയപ്പെടൽ തന്നെ എല്ലാവരെയും ഗൗരവം വിട്ട് നേരമ്പോക്കുകളിലേക്ക് മാറ്റി. ഗൃഹസ്ഥാശ്രമികളും വീട്ടമ്മമാരും അച്ഛന്മാരും കന്യാസ്ത്രീകളും ചെറുപ്പക്കാരും കുട്ടികളുമെല്ലാമുൾപ്പെട്ട പല വഴികളിൽനിന്നെത്തിയവരുടെ ആ ചെറുസംഘം പരസ്പര വിനിമയത്തിലേക്ക് കടന്നത് തികച്ചും സ്വാഭാവികമായിട്ടായിരുന്നു. കൂട്ടത്തിലെ പ്രായം ചെന്ന മുത്തശ്ശി തന്നെ പാട്ടിന് തുടക്കമിട്ടു. തുടർന്ന് നാടൻ പാട്ടുകളും കവിതകളും പെരുവൻമല കുന്നിലെ നിലാവിന് കൂട്ടായി. പരിസ്ഥിതി - മനുഷ്യാവകാശ പ്രവർത്തനങ്ങൾ, അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയിലേക്ക് ചർച്ച വഴിമാറിയത് തികച്ചും സ്വാഭാവികമായിട്ടായിരുന്നു. നിലാവ് കാണുന്നതിന്റെ പൊരുളിലേക്കും ആലോചനകൾ കടന്നുചെന്നു. എന്നാൽ ചർച്ചകൾ സൈദ്ധാന്തികമോ ഔപചാരികമോ ആകാതിരിക്കാൻ കൂട്ടായ്മയ്ക്ക് സൂത്രധാരത്വം വഹിച്ച റോബിന്റെ ഇടപെടൽ നടക്കുന്നുണ്ടായിരുന്നു. അത്രയുമായപ്പോൾ അതുവരെ, മടിച്ചിരുന്നവരും, മെല്ലെ പാട്ടുമൂളി തുടങ്ങിയിരുന്നു. വീണ്ടും പാട്ടിന്റെയും കവിതകളുടെയും പ്രവാഹമായപ്പോൾ ഉറക്കിനെ കാത്തിരുന്നവർ നേരം പുലരുന്നതറിഞ്ഞു.

യാത്രയുടെയും കുന്നുകയറ്റത്തിന്റെയും ക്ഷീണം പോലും മറന്ന്, അഞ്ചര മണിവരെ ഉറക്കിന്റെ തിരനോട്ടം പോലുമില്ലാതെ പുലർന്ന ആ രാത്രി പെരുവൻമല കുന്നിന്റെ സമ്മാനമായിരുന്നു. നിലാവറിയാൻ ആകാശം നോക്കേണ്ടിവരാത്ത ആ കുന്നിൻപുറ രാത്രി രാപ്പകലിന്റെ ഭേദങ്ങളെ മായ്ക്കുന്നതായിരുന്നു. കാലം അവിടെ നിതാന്തമായ ആ കാറ്റായി ഒഴുകിക്കൊണ്ടിരുന്നു. കുന്നിന്റെ മൗനത്തിന് ദിവ്യതയുടെ പരിവേഷം പകർന്ന് ഇരുട്ടിൽ ധ്യാനലീനമായി ശിവക്ഷേത്രം. പ്രകൃതിയുടെ വരദാനങ്ങളെയും ചാരുതകളെയും ഓർമപ്പെടുത്തിയ ആ ലാൻഡ്സ്കേപ്പ് നാഗരികരായ നമ്മുടെ വെപ്രാളങ്ങളെയും വേവലാതികളെയും തീരെ ചെറുതാക്കുന്നതായിരുന്നു.

നഷ്ടപ്പെട്ട അനേകം രാത്രികളെ ഓർമ്മപ്പെടുത്തിയ ഒരു രാത്രിയായിരുന്നു പെരുവൻമല കുന്നിലെ ആ പൗർണമി രാത്രി. പ്രകൃതിയെ അറിയാനുള്ള വഴി പ്രകൃതിയുമായുള്ള ചേർച്ചകൾ തന്നെയാണെന്ന് ഓർമപ്പെടുത്തിയ പെരുവൻമല കുന്നിലെ സമ്പന്നമായ ആ രാത്രിക്കും നിലാക്കൂട്ടായ്മയൊരുക്കിയ സംഘാടകർക്കും പങ്കാളികളായ സുമനസ്സുകൾക്കും നന്ദി.

*സിറാജ് - കോഴിക്കോട്*